II ഇ.ബി. XV- കേരള നിയമസഭ/VIII-18

**പതിനഞ്ചാം കേരള നിയമസഭ**

എട്ടാം സമ്മേളനം

**ചോദ്യോത്തരങ്ങൾ - സംഗ്രഹം**

2023 മാർച്ച് 20, തിങ്കൾ

നിയമസഭ രാവിലെ 9.00 മണിക്ക് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. എ. എൻ. ഷംസീറിന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

**വാങ്മൂലം നൽകിയ ഉത്തരങ്ങൾ**

(15-03-2023-ന് നിയമസഭയ്ക്കകത്തും ബഹു. സ്പീക്കറുടെ ചേംബറിന് മുന്നിലും നടന്ന പ്രതിഷേധ സമരവുമായി ബന്ധപ്പെട്ട് ഏഴ് പ്രതിപക്ഷാംഗങ്ങൾക്കെതിരെ ജാമ്യമില്ലാ വകുപ്പുപ്രകാരം കേസെടുത്തതിലും പ്രതിപക്ഷം ഉന്നയിച്ച ആവശ്യങ്ങളിന്മേൽ നടപടി സ്വീകരിക്കാത്തതിലും പ്രതിഷേധിച്ച് പ്രതിപക്ഷാംഗങ്ങൾ പ്ലക്കാർഡുകൾ ഉയർത്തിപ്പിടിച്ച് സ്പീക്കറുടെ ഡയസ്സിനുമുന്നിൽവന്ന് മുദ്രാവാക്യം വിളിച്ച് ബഹളം വച്ചുകൊണ്ടിരുന്നു.)

79 (*511) <u>കേരള ഇറിഗേഷൻ ഇൻഫ്രാസ്ട്രക്ച്ചർ ഡെവലപ്മെന്റ് കോർപ്പറേഷന്റെ പ്രവർത്തനങ്ങൾ</u>

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. റോഷി അഗസ്റ്റിൻ) നൽകിയ മറുപടിയിൽ, റീബിൽഡ് കേരള ഇനിഷ്യേറ്റീവ്, ടൂറിസം വകുപ്പ്, കേരള അക്കാദമി ഫോർ സ്കിൽസ് എക്സലൻസ്, ഹരിത കേരളം മിഷൻ തുടങ്ങിയവയ്ക്കുവേണ്ടി വിവിധ പദ്ധതികൾ കേരള ഇറിഗേഷൻ ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ് (കെ.ഐ.ഐ.ഡി.സി.) ഏറ്റെടുത്തിട്ടുണ്ടെന്നും തീരദേശ സംരക്ഷണം, റെഗുലേറ്റർ-കം-ബ്രിഡ്ജ് നിർമ്മാണം, കമ്മ്യൂണിറ്റി മൈക്രോ ഇറിഗേഷൻ, കനാൽ നവീകരണം, ഡാം റിസർവോയർ ഡീസിൽറ്റേഷൻ തുടങ്ങിയ പദ്ധതികൾ കിഫ്ബി ധനസഹായത്തോടെ നടപ്പാക്കിവരുന്നുണ്ടെന്നും സഭയെ അറിയിച്ചു. തൊടുപുഴയിലും അരുവിക്കരയിലും പ്ലാന്റുകൾ സ്ഥാപിച്ച് 'ഹില്ലി അക്വാ' എന്ന കുപ്പിവെള്ളത്തിന്റെ ഉല്പാദനവും വിതരണവും കെ.ഐ.ഐ.ഡി.സി. മുഖേന നടത്തിവരുന്നുണ്ട്. കോഴിക്കോട് പെരുവണ്ണാമൂഴിയിൽ പുതിയ കുപ്പിവെള്ള പ്ലാന്റ് സ്ഥാപിക്കുന്ന പദ്ധതിക്ക് അനുമതി നൽകിയിട്ടുണ്ടെന്നും തൊടുപുഴ പ്ലാന്റിൽ പുതിയ പ്രൊഡക്ഷൻ ലൈൻ സ്ഥാപിക്കുന്ന കാര്യം പരിഗണനയിലാണെന്നും അരുവിക്കര

പ്ലാന്റിന്റെ ഉൽപ്പാദനശേഷി വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടെന്നും വ്യക്തമാക്കി. അരുവിക്കര പ്ലാന്റിൽനിന്നും 2000, 1000, 500 എം.എൽ. കുപ്പിവെള്ളത്തിന്റെയും 20 ലിറ്റർ ജാറുകളുടെയും വിതരണം നടന്നുവരുന്നുണ്ട്. കൺസ്യൂമർഫെഡ് ഔട്ട്ലെറ്റുകൾ വഴി കുപ്പിവെള്ള വിതരണത്തിന് നടപടി സ്വീകരിച്ചിട്ടുണ്ടെന്നും കെ.എസ്.ആർ.ടി.സി. ഡിപ്പോകൾ, റെയിൽവേ സ്റ്റേഷനുകൾ എന്നിവിടങ്ങളിൽ കുപ്പിവെള്ള വിതരണം സാധ്യമാക്കുമെന്നും നിലയ്ക്കൽ കുടിവെള്ള പദ്ധതി സമയബന്ധിതമായി പൂർത്തീകരിക്കുമെന്നും പമ്പാ നദിയുടെ സംരക്ഷണത്തിന് പദ്ധതി തയ്യാറാക്കുമെന്നും നദികളിലെ എക്കലും ചെളിയും നീക്കം ചെയ്ത് തടയണകൾ നിർമ്മിച്ച് വെള്ളപ്പൊക്ക നിയന്ത്രണത്തിനും ജലസേചനത്തിനും കുടിവെള്ളത്തിനും വിനിയോഗിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതുണ്ടെന്നും വൈപ്പിൻ ഡീസാലിനേഷൻ പ്ലാന്റ് നടപ്പാക്കുന്ന കാര്യം പരിശോധിക്കുമെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു.

80 (*512) <u>പട്ടികജാതി, പട്ടികവർഗ്ഗക്കാർക്കായുള്ള ഭവന നിർമ്മാണ പദ്ധതി</u>

പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ) നൽകിയ

മറുപടിയിൽ, ദുർബല പുനരധിവാസ പദ്ധതി, ആദിവാസി പുനരധിവാസ മിഷൻ എന്നിവയിലൂടെ പട്ടികജാതിയിലെ ദുർബല വിഭാഗങ്ങൾക്കും പട്ടികവർഗ്ഗ വിഭാഗങ്ങൾക്കും ഭവന നിർമ്മാണ ധനസഹായം അനുവദിക്കുന്നുണ്ടെന്നും ഭവനരഹിതരായ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗ ഗുണഭോക്താക്കൾക്ക് ഭവന നിർമ്മാണ ധനസഹായം അനുവദിക്കുന്നതിന് പട്ടികജാതി, പട്ടികവർഗ്ഗ വികസന വകുപ്പുകൾ ലൈഫ് മിഷന് തുക കൈമാറുന്നുണ്ടെന്നും സഭയെ അറിയിച്ചു. നടപ്പുസാമ്പത്തിക വർഷം പട്ടികജാതി/പട്ടികവർഗ്ഗ വികസന വകുപ്പുകൾ യഥാക്രമം 300 കോടി രൂപയും 140 കോടി രൂപയും ലൈഫ് മിഷന് അനുവദിച്ചിട്ടുണ്ട്. പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങളുടെ ഭവനനിർമ്മാണം, പുനരുദ്ധാരണം, പൂർത്തീകരണം എന്നിവയുടെ സ്പിൽ ഓവർ പദ്ധതികൾക്കും പഠനമുറി, സേഫ് തുടങ്ങിയ പദ്ധതികൾക്കുമായി നടപ്പുസാമ്പത്തിക വർഷം 205 കോടി രൂപ പട്ടികജാതി വികസന വകുപ്പും 57.5 കോടി രൂപ പട്ടികവർഗ്ഗ വികസന വകുപ്പും വകയിരുത്തിയിട്ടുണ്ട്. ഭവന പൂർത്തീകരണവും പുനരുദ്ധാരണവും ലക്ഷ്യമാക്കുന്ന 'സേഫ്' പദ്ധതിയിലൂടെ പട്ടികജാതി വിഭാഗങ്ങൾക്ക് രണ്ട് ലക്ഷം രൂപയും പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് രണ്ടര ലക്ഷം രൂപയും അനുവദിച്ചുവരുന്നുണ്ട്. പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങളെ

സ്വയംപര്യാപ്തമാക്കുന്നതിന് വിവിധ പദ്ധതികൾ നടപ്പാക്കിവരുന്നുണ്ടെന്നും പിന്നോക്കാവസ്ഥയിലുള്ള പട്ടികജാതി കോളനികളുടെ ആവശ്യം പഠനവിധേയമാക്കി 'അംബേദ്കർ ഗ്രാമം' പദ്ധതി നടപ്പാക്കുമെന്നും ത്രിതല പഞ്ചായത്തുകളുടെ സഹകരണത്തോടെ പട്ടികജാതി വിഭാഗങ്ങളുടെ അടിസ്ഥാന പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നതായും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു.

81 (*513) <u>സൊസൈറ്റി ഫോർ അസിസ്റ്റൻസ് ടു ഫിഷർവിമൻ നടത്തുന്ന പ്രവർത്തനങ്ങൾ</u>

മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി (ശ്രീ. സജി ചെറിയാൻ) നൽകിയ മറുപടിയിൽ, സംസ്ഥാനത്ത് മത്സ്യത്തൊഴിലാളി കുടുംബങ്ങളിലെ സ്ത്രീകളെ ആധുനിക തൊഴിൽ മേഖലയിലേയ്ക്ക് ആകർഷിക്കുന്നതിനും മത്സ്യാധിഷ്ഠിത മൂല്യവർദ്ധിതോല്പന്നങ്ങളുടെ നിർമ്മാണ വിപണന സംരംഭങ്ങൾവഴി മികച്ച ബദൽ ജീവനോപാധി ലഭ്യമാക്കുന്നതിനും സൊസൈറ്റി ഫോർ അസിസ്റ്റൻസ് ടു ഫിഷർ വിമെൻ (സാഫ്) മുഖേന വിവിധ പ്രവർത്തനങ്ങൾ നടത്തിവരുന്നുണ്ടെന്ന് സഭയെ അറിയിച്ചു. മത്സ്യത്തൊഴിലാളി വനിതകളെ ചെറുകിട തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിന് പ്രാപ്തരാക്കുന്നതിനും സംരംഭങ്ങളുടെ സുസ്ഥിര

നിലനിൽപ്പിനുമായി കപ്പാസിറ്റി ബിൽഡിംഗ് ട്രെയിനിംഗ് പ്രോഗ്രാമുകൾ, ബ്രാൻഡിംഗ് & മാർക്കറ്റിംഗ്, പലിശരഹിത ചാക്രീക മൂലധന സഹായം (Interest free Working Capital Revolving Fund), സോളിഡാരിറ്റി ഫണ്ട് ടു സ്ട്രഗ്ലിംഗ് യൂണിറ്റ്സ്, യൂണിറ്റുകളെ ബിസിനസ്സ് ഗ്രൂപ്പുകളാക്കി ഉയർത്തൽ, ഭാരത അന്താരാഷ്ട്ര മേള 2022, ഓൺലൈൻ മാർക്കറ്റിംഗ് & സെയിൽ, സ്ട്രെംഗ്തനിംഗ് ഓഫ് കാറ്റഗറി ഫെഡറേഷൻ തുടങ്ങിയ പ്രവർത്തനങ്ങൾ നടത്തിവരുന്നു. മത്സ്യത്തൊഴിലാളി വനിതകൾക്ക് കുറഞ്ഞ പലിശ നിരക്കിൽ വായ്പ ലഭ്യമാക്കുക, സ്വകാര്യ പണമിടപാടുകാരുടെയും കൊള്ളപ്പലിശക്കാരുടെയും ചൂഷണത്തിൽനിന്നും മുക്തരാക്കുക എന്നീ ഉദ്ദേശ്യങ്ങളോടെ 'ജോയിന്റ് ലയബിലിറ്റി ഗ്രൂപ്പ് - പ്രോജക്ട് ഫോർ എൻഷ്വറിംഗ് ലൈവ്ലിഹുഡ് സെക്യൂരിറ്റി ഓഫ് ഫിഷർവിമൻ ഇൻ കേരള', മത്സ്യബന്ധന മേഖലയിലും ഉൾനാടൻ മത്സ്യബന്ധന മേഖലയിലുമുള്ള മത്സ്യത്തൊഴിലാളികൾക്ക് കുറഞ്ഞ പലിശ നിരക്കിൽ വായ്പ ലഭ്യമാക്കുന്നതിനായി 'സ്നേഹതീരം' എന്നീ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടെന്നും 'സമുദ്ര' ബസ് സർവ്വീസ് ആരംഭിച്ചിട്ടുണ്ടെന്നും മത്സ്യവിപണനത്തിനായി ഇലക്ട്രിക് ഓട്ടോറിക്ഷകൾ നൽകുന്നതിനുള്ള പദ്ധതി പരിഗണനയിലാണെന്നും തീരദേശ മേഖലയിലെ ലഹരി

ഉപയോഗം നിയന്ത്രിക്കുന്നതിന് ശക്തമായ ഇടപെടൽ നടത്തിവരുന്നുണ്ടെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു.

(പ്രതിപക്ഷ ബഹളത്തെത്തുടർന്ന് 9.30-ന് താൽക്കാലികമായി സഭ നിർത്തിവച്ചു.)